**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1405** **30-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിലെ സ്കൂൾ ക്ലാസ് മുറികളുടെ ശോചനീയാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ ശോചനീയാവസ്ഥയിലുള്ള ക്ലാസ് മുറികളുള്ള സ്കൂളുകളുടെ വിവരങ്ങൾ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | **പട്ടാമ്പി നിയോജക മണ്ഡല ത്തിലെ സ്കൂളുകളിൽ ശോചനീ യാവസ്ഥയിലുള്ള ക്ലാസ്സ് മുറികളുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (ബി) | നടുവട്ടം ഗവൺമെന്റ് ജനത ഹയർ സെക്കന്ററി സ്കൂളിൽ ആവശ്യത്തിന് ക്ലാസ് മുറികൾ ഇല്ലാത്തതിനാൽ പുതിയ ക്ലാസ് മുറികൾ അനുവദിക്കണമെന്ന ബാലാവകാശ കമ്മീഷന്റെ ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;വിശദാംശങ്ങൾ നൽകാമോ; | (ബി) | നടുവട്ടം ഗവൺമെന്റ് ജനത ഹയർ സെക്കന്ററി സ്കൂളിൽ ആവശ്യത്തിന് ക്ലാസ്സ് മുറികൾ ഇല്ലാത്തതിനാൽ ഹയർ സെക്കന്ററി വിഭാഗത്തിന് സൗകര്യപ്രദമായ ക്ലാസ്സ് മുറികൾ ലബോറട്ടറികൾ മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കി പുതിയ കെട്ടിടം അനുവദിക്കണമെന്ന സംസ്ഥാന ബാലാവകാശ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2022 - 2023 ലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ടി സ്കൂൾ കെട്ടിട നിർമ്മാണത്തിനായി 2 കോടി രൂപയുടെ ഭരണാനുമതി 19/08/22-ലെ സ.ഉ(ആർ.റ്റി) 4931/22/പൊ.വി.വ പ്രകാരം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട് . |
| (സി) | വാടാനാംകുറിശ്ശി ഗവൺമെന്റ് ഹയർ സെക്കന്ററി/ ഹൈസ്കൂൾ കെട്ടിടങ്ങൾ അൺഫിറ്റ് ആയതിനാൽ കുട്ടികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നതിന്റെ വിശദാംശങ്ങൾ നൽകാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട വാടാനാംകുറിശ്ശി GHSS ന്റെ കെട്ടിട നിർമ്മാണം പൂർത്തി യാവുകയും ടി കെട്ടിടത്തിന് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ